## വിജിലൻസ് കേസ്സിൽ ഉൾപ്പെട്ട ഐ.എ.എസ്/ഐ.പി.എസ്. ഉദ്യോഗസ്ഥർ

187(1782) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.എ.എസ്./ഐ.പി.എസ്. കേഡറിലുള്ള എത്ര ഉദ്യോഗസ്ഥർ ഇപ്പോൾ വിജിലൻസ് കേസ് നേരിടുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥരുടെ കണക്ക് വെവ്വേറെ വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഐ.എ.എസ്./ ഐ.പി.എസ്. കേഡറിലുള്ള എത്ര ഉദ്യോഗസ്ഥരെ കുറ്റവിമുക്തരാക്കിയിട്ടുണ്ട്; പേരുവിവരം വെളിപ്പെടുത്താമോ?

ഉത്തരം

(എ) 20 പേർ (റിട്ട. ഉദ്യോഗസ്ഥർ ഉൾപ്പെടെ)

(ബി) 11 വിജിലൻസ് കേസ്സുകളിലായി 11 ഐ.എ.എസ്., 2 ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെ (റിട്ട. ഉദ്യോഗസ്ഥർ ഉൾപ്പെടെ) അന്വേഷണം പുരോഗമിക്കുന്നു. കോടതിയിൽ വിചാരണയിലുള്ള 4 വിജിലൻസ് കേസ്സുകളിൽ റിട്ടയർ ചെയ്തവരടക്കം 5 ഐ.എ.എസ്., 1 ഐ.പി.എസ്. ഉദ്യോസ്ഥർ ഉൾപ്പെട്ടിട്ടുണ്ട്. തുടർ നടപടികൾ അവസാനിപ്പിക്കാമെന്ന ശിപാർശയോടെ 5 കേസ്സുകളിൽ അന്തിമ റിപ്പോർട്ട് ബഹുമാനപ്പെട്ട വിജിലൻസ് കോടതികളിൽ സമർപ്പിച്ചിട്ടുണ്ട്. കോടതി അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്ത ടി കേസുകളിൽ റിട്ടയർ ചെയ്തവരുൾപ്പെടെ 3 ഐ.എ.എസ്., 1 ഐ.പി.എസ്. ഉദ്യോഗസ്ഥരുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഐ.എ.എസ്./ ഐ.പി.എസ്. കേഡറിലുള്ള 14 ഉദ്യോഗസ്ഥരെ കോടതി കുറ്റവിമുക്തരാക്കിയിട്ടുണ്ട്. (പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*) വിജിലൻസ് കേസ് നേരിട്ട ഐ.എ.എസ്/ഐ.പി.എസ്. കേഡറിലുള്ള ഉദ്യോഗസ്ഥരേയും ഈ സർക്കാർ കുറ്റവിമുക്തരാക്കിയിട്ടില്ല.

## വിജിലൻസ് രജിസ്റ്റർ ചെയ്ത അഴിമതി കേസ്സുകൾ

188(1783) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 29-2-2020 വരെ എത്ര അഴിമതി കേസ്സുകൾ രജിസ്റ്റർ ചെയ്തു എന്നറിയിക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കേസുകളില്‍ എത്രയെണ്ണത്തില്‍ ഇതിനകം കോടതി ശിക്ഷ വിധിച്ചു എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം വിജിലന്‍സ് ആന്റ് ആന്റികറപ്ഷന്‍ ബ്യൂറോയില്‍ 29-2-2020 വരെ 591 വിജിലന്‍സ് കേസ്സുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ട്. ഇതിനകം കോടതിയില്‍ സമര്‍പ്പിച്ച കേസ്സുകളില്‍ കോടതി വിചാരണ പൂര്‍ത്തിയായിട്ടില്ല.

**മലപ്പുറം കുടുംബകോടതി സമുച്ചയ നിര്‍മ്മാണം**

189(1784) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മുഖ്യമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) മലപ്പുറം കുടുംബ കോടതി സമുച്ചയ നിര്‍മ്മാണ പ്രവൃത്തികള്‍ ഇപ്പോള്‍ എതു ഘട്ടത്തിലാണ്; വിശദാംശം നല്‍കുമോ;

(ബി) ഭൂമി കൈമാറ്റ നടപടികള്‍ പൂര്‍ത്തീകരിച്ചിട്ടും കെട്ടിട നിര്‍മ്മാണം ആരംഭിക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നിര്‍മ്മാണ പ്രവൃത്തികള്‍ ആരംഭിക്കുവാനും കോടതി സമുച്ചയം യാഥാര്‍ത്ഥ്യമാക്കുവാനും സത്വര നടപടികള്‍ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മലപ്പുറം കുടുംബകോടതി കെട്ടിടത്തിന്റെ പ്ലാന്‍ ഹൈക്കോടതി അംഗീകരിച്ചിട്ടുണ്ട്. ആയത് നിര്‍മ്മിക്കുന്നതിനുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുവാന്‍ ഹൈക്കോടതി 25-2-2020-ലെ കത്ത് പ്രകാരം പൊതുമരാമത്ത് വകുപ്പിന് നിര്‍ദ്ദേശം നല്‍കിയിട്ടുണ്ട്.

(ബി) കുടുംബകോടതിയുടെ പുതിയ കെട്ടിടത്തിന് പുതുക്കിയ പ്ലാന്‍ പ്രകാരം കൂടുതല്‍ ഭൂമി ആവശ്യമായി വരികയും കൂടാതെ നിലവിലുള്ള ഭൂമിയുടെ ഘടന കെട്ടിടം പണിയാന്‍ അനുയോജ്യമല്ലാത്തതിനാലും അനുയോജ്യമായ ഭൂമി കണ്ടെത്തി കൈമാറ്റം പൂര്‍ത്തീകരിച്ചത് 18-1-2019-നാണ്. ആയതിനാലാണ് കെട്ടിട നിര്‍മ്മാണം ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടത്.

(സി) എസ്റ്റിമേറ്റ് സര്‍ക്കാരില്‍ നല്‍കി ഭരണാനുമതി ലഭിച്ചതിനുശേഷം മാത്രമേ നിര്‍മ്മാണ പ്രവൃത്തികള്‍ ആരംഭിക്കാന്‍ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly